**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3508** **05-08-2021 - ല്‍ മറുപടിയ്ക്ക്**

**ജി.എസ്.ടി. തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുല്‍ ഹമീദ് പി,<br>ഡോ. എം.കെ . മുനീര്‍** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി. തട്ടിപ്പ് കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏര്‍പ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജന്‍സ് വിഭാഗം ഊര്‍ജിതമായ വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ് പര്‍ച്ചേസ്, എ.എന്‍.പി.ആര്‍. (ഓട്ടോമാറ്റിക് നമ്പര്‍ പ്ലേറ്റ് റെക്കഗ്നിഷന്‍) സംവിധാനം ഉപയോഗിച്ചുള്ള വാഹന പരിശോധന, പഴയ ചെക്ക് പോസ്റ്റ് പ്രദേശങ്ങളില്‍ പ്രത്യേക സര്‍വൈലന്‍സ് സ്ക്വാഡുകള്‍, രജിസ്ട്രേഷന്‍ ബാധ്യത ഉള്ളവരെ കണ്ടെത്തി രജിസ്ട്രേഷന്‍ എടുപ്പിക്കല്‍ തുടങ്ങിയ നടപടികള്‍ സ്വീകരിച്ചു വരുന്നു. ബില്‍ ട്രേഡിംഗ്, വ്യാജ ഇന്‍പുട്ട് ടാക്സ് ക്രെഡിറ്റ് എന്നിവ തടയുന്നതിന് രജിസ്ട്രേഷന്‍ എടുത്തവരുടെ സെക്കന്റ് ലെവല്‍ വെരിഫിക്കേഷന്‍ നടത്തിയിട്ടുണ്ട്. വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനായി തിരുവനന്തപുരം-അമരവിള, പാലക്കാട് -വാളയാര്‍, കാസര്‍ഗോഡ്- ബംഗ്റമഞ്ചേശ്വരം എന്നിവിടങ്ങളില്‍ കമാന്‍ഡ് സെന്ററുകള്‍ സ്ഥാപിച്ച് അതിര്‍ത്തി പ്രദേശങ്ങളിലെ റോഡുകളില്‍ സ്ക്വാഡുകളുടെ സജീവ സാന്നിധ്യം ഉറപ്പാക്കി. കൂടാതെ ഇന്റലിജന്‍സ് സ്ക്വാഡുകളുടെ വാഹനങ്ങളില്‍ സര്‍വൈലന്‍സ് ക്യാമറകള്‍ സ്ഥാപിക്കുകയും ഉദ്യോഗസ്ഥര്‍ക്ക് "ബോഡിവോണ്‍" ക്യാമറയുടെ സേവനം ലഭ്യമാക്കിയിട്ടുമുണ്ട്. അണ്ടര്‍ വാല്യൂവേഷന്‍ കേസുകള്‍, ബില്ല് തുടങ്ങിയവ ജി.എസ്.ടി പോര്‍ട്ടലിലേക്ക് അപ്‌ലോഡ് ചെയ്യുവാന്‍ മൊബൈല്‍ ആപ്ലിക്കേഷന്‍ സംവിധാനം നടപ്പിലാക്കി. വാഹന പരിശോധന ഫോറങ്ങള്‍ പൂര്‍ണമായും ഓണ്‍ലൈന്‍ ആയി നല്‍കുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്. ഒന്‍പത് ജില്ലകളിലായി ഇരുപത്തിമൂന്നു സ്ഥലങ്ങളില്‍ എ.എന്‍.പി.ആര്‍. ക്യാമറകള്‍ സ്ഥാപിച്ചു ഫലപ്രദമായി നിരീക്ഷിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം ജില്ലയിൽ അമരവിള, മൂലക്കോണം, പിരായുംമൂട് , വെള്ളറട, ഉച്ചക്കട, കൊല്ലം ജില്ലയിൽ ആര്യങ്കാവ് , ഇടുക്കി ജില്ലയിൽ കുമിളി, പാലക്കാട് ജില്ലയിൽ വാളയാർ, നടുപ്പുണി, വേലന്താവളം, മീനാക്ഷിപുരം, ഗോപാലപുരം, ഗോവിന്ദാപുരം, ഒഴലപ്പതി എന്നിവിടങ്ങളിലും മലപ്പുറം ജില്ലയിൽ വഴിക്കടവ്, കോഴിക്കോട് കുഞ്ഞിപ്പള്ളി, വയനാട് ജില്ലയിൽ മുത്തങ്ങ, തോൽപ്പെട്ടി, കണ്ണൂർ ജില്ലയിൽ കൂട്ടുപുഴ, ന്യൂമാഹി, കാസർഗോഡ് ജില്ലയിൽ ബംഗ്റ മഞ്ചേശ്വരം പെർള, ആദൂർ എന്നിവിടങ്ങളിലാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ നടപടികളുടെ ഫലമായി 22/07/2021 വരെ 22 കേസുകളിൽ 88.58 ലക്ഷം രൂപ നികുതിയും പെനാൽറ്റിയുമായി ചുമത്തിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ വിഭാഗം വഴി വ്യാജ ഇൻപുട്ട് ടാക്സ് ഉൾപ്പെടെയുള്ള ക്രമക്കേടുകൾ തടയുന്നതിനായി വിശദമായി പരിശോധനകൾ നടത്തി വരുന്നു. സംസ്ഥാനത്തൊട്ടാകെ വാഹനപരിശോധനയിൽ 2020-21 സാമ്പത്തികവർഷം 16619 കേസുകളിൽ നിന്നായി 68.45 കോടി രൂപയും 589 ജി.എസ്.ടി ഷോപ്പ് ഇൻസ്പെക്ഷൻ ഫയലുകൾ തീർപ്പാക്കിയതിൽ നിന്നായി 49.20 കോടി രൂപയും ഈടാക്കിയിട്ടുണ്ട്. |
| (ബി) | ജി.എസ്.ടി. ഇന്റലിജൻസ് സ്ക്വാഡ് പരിശോധന നടത്തി തട്ടിപ്പുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗം ഊർജിതമായ വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, എ.എൻ.പി.ആർ. (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ) സംവിധാനം ഉപയോഗിച്ചുള്ള വാഹന പരിശോധന, പഴയ ചെക്ക് പോസ്റ്റ് പ്രദേശങ്ങളിൽ പ്രത്യേക സർവൈലൻസ് സ്ക്വാഡുകൾ, രജിസ്ട്രേഷൻ ബാധ്യത ഉള്ളവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. ബിൽ ട്രേഡിംഗ്, വ്യാജ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എന്നിവ തടയുന്നതിന് രജിസ്ട്രേഷൻ എടുത്തവരുടെ സെക്കന്റ് ലെവൽ വെരിഫിക്കേഷൻ നടത്തിയിട്ടുണ്ട്. വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനായി തിരുവനന്തപുരം-അമരവിള, പാലക്കാട് -വാളയാർ, കാസർഗോഡ്- ബംഗ്റമഞ്ചേശ്വരം എന്നിവിടങ്ങളിൽ കമാൻഡ് സെന്ററുകൾ സ്ഥാപിച്ച് അതിർത്തി പ്രദേശങ്ങളിലെ റോഡുകളിൽ സ്ക്വാഡുകളുടെ സജീവ സാന്നിധ്യം ഉറപ്പാക്കി. കൂടാതെ ഇന്റലിജൻസ് സ്ക്വാഡുകളുടെ വാഹനങ്ങളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഉദ്യോഗസ്ഥർക്ക് "ബോഡിവോൺ" ക്യാമറയുടെ സേവനം ലഭ്യമാക്കിയിട്ടുമുണ്ട്. അണ്ടർ |

| | | | |
|---|---|---|---|
| | | | വാല്യുവേഷൻ കേസുകൾ, ബില്ല് തുടങ്ങിയവ ജി.എസ്.ടി പോർട്ടലിലേക്ക് അപ്‌ലോഡ് ചെയ്യുവാൻ മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി. വാഹന പരിശോധന ഫോറങ്ങൾ പൂർണമായും ഓൺലൈൻ ആയി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒൻപത് ജില്ലകളിലായി ഇരുപത്തിമൂന്നു സ്ഥലങ്ങളിൽ എ.എൻ.പി.ആർ. ക്യാമറകൾ സ്ഥാപിച്ചു ഫലപ്രദമായി നിരീക്ഷിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ അമരവിള, മൂലക്കോണം, പിരായുംമൂട് , വെള്ളറട, ഉച്ചക്കട, കൊല്ലം ജില്ലയിൽ ആര്യങ്കാവ് , ഇടുക്കി ജില്ലയിൽ കുമിളി, പാലക്കാട് ജില്ലയിൽ വാളയാർ, നടുപ്പുണി, വേലന്താവളം, മീനാക്ഷിപുരം, ഗോപാലപുരം, ഗോവിന്ദാപുരം, ഒഴലപ്പതി എന്നിവിടങ്ങളിലും മലപ്പുറം ജില്ലയിൽ വഴിക്കടവ്, കോഴിക്കോട് കുഞ്ഞിപ്പള്ളി, വയനാട് ജില്ലയിൽ മുത്തങ്ങ, തോൽപ്പെട്ടി, കണ്ണൂർ ജില്ലയിൽ കൂട്ടുപുഴ, ന്യൂമാഹി, കാസർഗോഡ് ജില്ലയിൽ ബംഗ്റ മഞ്ചേശ്വരം പെർള, ആദൂർ എന്നിവിടങ്ങളിലാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ നടപടികളുടെ ഫലമായി 22/07/2021 വരെ 22 കേസുകളിൽ 88.58 ലക്ഷം രൂപ നികുതിയും പെനാൽറ്റിയുമായി ചുമത്തിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ വിഭാഗം വഴി വ്യാജ ഇൻപുട്ട് ടാക്സ് ഉൾപ്പെടെയുള്ള ക്രമക്കേടുകൾ തടയുന്നതിനായി വിശദമായി പരിശോധനകൾ നടത്തി വരുന്നു. സംസ്ഥാനത്തൊട്ടാകെ വാഹനപരിശോധനയിൽ 2020-21 സാമ്പത്തികവർഷം 16619 കേസുകളിൽ നിന്നായി 68.45 കോടി രൂപയും 589 ജി.എസ്.ടി ഷോപ്പ് ഇൻസ്പെക്ഷൻ ഫയലുകൾ തീർപ്പാക്കിയതിൽ നിന്നായി 49.20 കോടി രൂപയും ഈടാക്കിയിട്ടുണ്ട്. |
| (സി) | ജി.എസ്.ടി. ചോർച്ച ഒഴിവാക്കാൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ജി എസ് ടി യിൽ നികുതി ചോർച്ച തടയുന്നതിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. ജി.എസ്.ടി യിൽ നികുതി ശൃംഖല വിപുലീകരിക്കുന്നതിന് വേണ്ടി വിവിധ ഏജൻസിയിൽ നിന്ന് വിവര ശേഖരണം നടത്തുകയും അതിൽ നിന്ന് രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടുപിടിച്ച് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനു വേണ്ടി പ്രത്യേക മാനദണ്ഡ പ്രകാരം ടാക്സ് പെയേഴ്സിനെ ഓൺലൈൻ ആയി സെലക്ട് ചെയ്തു വിശദപരിശോധന നടത്തുന്ന രീതി നടപ്പിലാക്കി. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും അതുവഴി നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനും സഹായിക്കും. |

| | | | |
|---|---|---|---|
| | | | ജി.എസ്.ടി പൂർണ്ണമായും വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി നെറ്റ് വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിന് വേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെൻറ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ചെക്പോസ്റ്റ് സമ്പ്രദായം ഇല്ലാതായ സാഹചര്യത്തിൽ അതിർത്തികളിലൂടെ ഉള്ള നികുതി വെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനും വേണ്ടി സി സി ടി വി ക്യാമറകൾ പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് എ എൻ പി ആർ സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-വേബിൽ) ഇല്ലാതെ കടന്നു വരുന്ന ചരക്കു വാഹനങ്ങളുടെ വിവരം ഉടൻ തന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിനു ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ജി.എസ്.ടി യിൽ ഫയൽ ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി ദേശീയ തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി സംസ്ഥാന തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതും നികുതി വെട്ടിപ്പു കണ്ടുപിടിക്കുന്നതിനു സഹായകമാകുന്നു. |

സെക്ഷൻ ഓഫീസർ